**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : **114**

**28.05.2019 ൽ മറുപടിയ്ക്ക്**

## <u>ക്രിമിനൽ നടപടി ചട്ട ഭേദഗതി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. കെ.ജെ.മാക്സി | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ക്രിമിനൽ നടപടി ചട്ടങ്ങൾ ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ: വിശദമാക്കുമോ: | (എ) എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുന്നതുമായി ബന്ധപ്പെട്ട ക്രിമിനൽ നടപടി ചട്ടങ്ങൾ ഭേദഗതി ചെയ്യുന്ന വിഷയം സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |
| (ബി) നിലവിൽ എന്തിന്റെയൊക്കെ അടിസ്ഥാനത്തിലാണ് പോലീസ് എഫ്.ഐ.ആർ എടുത്ത് കേസ് രജിസ്റ്റർ ചെയ്തു വരുന്നത്: വ്യക്തമാക്കുമോ: | (ബി) നിലവിൽ suo moto കേസായും, മൊഴി പ്രകാരവും പരാതിയുടെ അടിസ്ഥാനത്തിലും, കോടതി ഉത്തരവ് അനുസരിച്ചും, എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തു വരുന്നുണ്ട്. ആയത് Cognizable Offence ആയ പരാതിയാണെങ്കിൽ Sec 154 CrPC പ്രകാരവും Non Cognizable Offence ആയ പരാതിയിന്മേൽ Sec.155 CrPC പ്രകാരവും കോടതി നിർദ്ദേശം വരുന്ന പരാതിയിന്മേൽ Sec.190(1) CrPC പ്രകാരവും എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തു വരുന്നു. |
| (സി) ആധുനിക സാങ്കേതിക വിദ്യ വളർന്ന സാഹചര്യത്തിൽ ഇ-മെയിൽ ആയി പരാതി അയച്ചാൽ അതിനെ അടിസ്ഥാനമാക്കി എഫ്.ഐ.ആർ എടുക്കാൻ പോലീസ് നടപടി സ്വീകരിക്കുമോ: എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) ഇ-മെയിൽ പരാതിയുടെ അടിസ്ഥാനത്തിൽ പരാതിക്കാരന്റെ മൊഴി നേരിട്ട് രേഖപ്പെടുത്തി എഫ്.ഐ.ആർ എടുക്കുന്നതിനുള്ള നടപടി പോലീസ് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ